2025 OCTOBER
28
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് വളർച്ച പ്രവചിച്ച് ഐഎംഎഫ്




**ന്യൂദൽഹി:** നടപ്പ് സാമ്പത്തിക വർഷത്തിൽ (2025-26) ഇന്ത്യ 6.6% നിരക്കിൽ വളരുമെന്ന് അന്താരാഷ്ട്ര നാണയ നിധി പുറത്തിറക്കിയ (ഐഎംഎഫ്) പുറത്തിറക്കിയ വേൾഡ് ഇക്കണോമിക് ഔട്ട്ലുക്ക് റിപ്പോർട്ട് പറഞ്ഞു. 2025-26 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ പ്രകടിപ്പിച്ച ശക്തമായ സാമ്പത്തിക പ്രകടനമാണ് 6.6% നിരക്കിൽ വളരാൻ ഇന്ത്യയെ സഹായിക്കുകയെന്ന് റിപ്പോർട്ട് പറയുന്നു. 4.8 വളർച്ചാ നിരക്ക് പ്രതീക്ഷിക്കുന്ന ചൈനയെ ഇന്ത്യ മറികടക്കും.

ഐഎംഎഫിന്റെ റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയുടെ വളർച്ചയെ പിന്തുണയ്ക്കുന്നത് ശക്തമായ ഉപഭോഗവും, വികസിച്ചു കൊണ്ടിരിക്കുന്ന മാനുഫാക്ചറിങ് & സർവീസ് പ്രവർത്തനങ്ങളും, ആരോഗ്യകരമായി മുന്നേറുന്ന പൊതു, സ്വകാര്യ നിക്ഷേപവുമാണ്. ആഗോള വ്യാപാര സംഘർഷങ്ങൾക്കിടയിലും സമീപ മാസങ്ങളിൽ യുഎസ് ഭീമമായ താരിഫ് ഏർപ്പെടുത്തിയിട്ടും അതിന്റെയെല്ലാം ആഘാതം കുറയ്ക്കാൻ ഇന്ത്യയെ സഹായിച്ചതും. അതേസമയം നിരവധി സമ്പദ് വ്യവസ്ഥകൾ മന്ദഗതിയിലാകുന്നതിന്റെ ലക്ഷണങ്ങളാണ് കാണിക്കുന്നതെങ്കിലും ഇന്ത്യയുടെ വിശാലമായ വളർച്ച താരതമ്യേന സ്ഥിരതയുള്ളതാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഉയർന്ന വളർച്ചാ നിരക്കുകൾ നിലനിർത്തുന്നതിനു തുടർച്ചയായ പരിഷ്കാരങ്ങളും, ഇൻഫ്രാസ്ട്രക്ചർ, പ്രൊഡക്റ്റിവിറ്റി എന്നിവയിൽ നിക്ഷേപവും കൊണ്ടുവരേണ്ടതുണ്ടെന്ന് ഐഎംഎഫ് പറയുന്നു. 2025-26 ലെ മികച്ച പ്രകടനം നിക്ഷേപകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ഉയർന്ന വിദേശ മൂലധന ഒഴുക്ക് ആകർഷിക്കുകയും ചെയ്യുമെന്നും റിപ്പോർട്ട് സൂചിപ്പിച്ചു.

## കേന്ദ്ര സർക്കാരിന് റെക്കോർഡ് ലാഭവിഹിതം കൈമാറി എച്ച്.എൽ.എൽ; നൽകിയത് 69.5 കോടി രൂപ

**ന്യൂദൽഹി:** കേന്ദ്ര സർക്കാരിന്റെ ആരോഗ്യ, കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള മിനിരത്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് 2024-25 സാമ്പത്തിക വർഷത്തേക്ക് കേന്ദ്ര സർക്കാരിന് 69.5 കോടി രൂപയുടെ റെക്കോർഡ് ലാഭവിഹിതം നൽകി. ഇതുവരെ നൽകിയതിൽ വെച്ച് കമ്പനി നൽകുന്ന ഏറ്റവും ഉയർന്ന ലാഭവിഹിതങ്ങളിൽ ഒന്നാണിത്. എച്ച്.എൽ.എൽ ചെയർപേഴ്സൺ ഡോ.അനിത തമ്പി, കേന്ദ്ര ആരോഗ്യ, കുടുംബക്ഷേമ മന്ത്രി ജെ.പി നഡ്ഡയ്ക്ക് ഈ തുകയ്ക്കുള്ള ചെക്ക് കൈമാറി. കേന്ദ്ര ആരോഗ്യ, കുടുംബക്ഷേമ സഹമന്ത്രി അനുപ്രിയ പട്ടേൽ, കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലീല ശ്രീവാസ്തവ, അഡീഷണൽ സെക്രട്ടറിയും സാമ്പത്തിക ഉപദേഷ്ടാവുമായ ഹോവിയേദ അബ്ബാസ്, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ജോയിന്റ് സെക്രട്ടറി വിജയ് നെഹ്റ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. മാർക്കറ്റിംഗ് ഡയറക്ടർ എൻ അജിത്, ഫിനാൻസ് ഡയറക്ടർ രമേഷ് പി എന്നിവരുൾപ്പെടെ എച്ച്.എൽ.എല്ലിലെ മുതിർന്ന ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു. ആരോഗ്യ സേവന മേഖലയിലെ വിശ്വസനീയമായ പേരാണ് എച്ച്.എൽ.എൽ എന്നും എല്ലാവർക്കും ലഭ്യമായതും താങ്ങാവുന്നതും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സംരക്ഷണം എന്ന ദേശീയ ലക്ഷ്യത്തോട് സ്ഥാപനം പ്രതിജ്ഞാബദ്ധമാണെന്നും ചടങ്ങിൽ സംസാരിച്ച കേന്ദ്രമന്ത്രി ജെ.പി നഡ്ഡ പറഞ്ഞു. എച്ച്.എൽ.എല്ലും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും അമൃത് ഫാർമസികളും ആരോഗ്യ മേഖലയെ പരിവർത്തനം ചെയ്യുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തിനിടെ, അമൃത് ഫാർമസികളുടെ താങ്ങാനാവുന്ന മരുന്നുകളിലൂടെ 6.7 കോടിയിലധികം ആളുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും അതുവഴി അവരുടെ നേരിട്ടുള്ള ചെലവിൽ നിന്ന് 8000 കോടി രൂപയിലധികം ലാഭിക്കാനായെന്നും അദ്ദേഹം എടുത്തുപറഞ്ഞു.

2024-25 സാമ്പത്തിക വർഷത്തിൽ എച്ച്.എൽ.എൽ ഉൽപ്പാദന, സേവന മേഖലകളിലുടനീളം സമഗ്രമായ വളർച്ച കൈവരിച്ചു. പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം മുൻ വർഷത്തെ അപേക്ഷിച്ച് 20 ശതമാനം വളർച്ചയോടെ 4500 കോടി രൂപയായി വർദ്ധിച്ചു. 2025 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം കമ്പനിയുടെ അറ്റാദായം 1100 കോടി രൂപയായി ഉയർന്നു. സംയോജിത അടിസ്ഥാനത്തിൽ, HITES, GAPL, ലൈഫ് സ്പ്രിംഗ് ഹോസ്പിറ്റലുകൾ തുടങ്ങിയ അനുബന്ധ സ്ഥാപനങ്ങളുൾപ്പെടെ എച്ച്.എൽ.എൽ ഗ്രൂപ്പ് മൊത്തം 4900 കോടി രൂപയുടെ വരുമാനം നേടി. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 19 ശതമാനം വളർച്ചയാണെന്ന് രേഖപ്പെടുത്തി.

## ഇന്ത്യൻ ചെമ്മീനുകൾ ഓസ്ട്രേലിയയിലേക്ക്

**ന്യൂദൽഹി:** ഇന്ത്യയിൽ നിന്നുള്ള ചെമ്മീൻ (അൺപീൽഡ്) കയറ്റുമതിക്ക് ഓസ്ട്രേലിയ അംഗീകാരം നൽകിയതായി ആന്ധ്ര സർക്കാർ അറിയിച്ചു. വൈറ്റ് സ്പോട് വൈറസിന്റെ സാന്നിധ്യം കണ്ടെത്തിയതിനെത്തുടർന്ന് വർഷങ്ങളായി കയറ്റുമതി തടസ്സപ്പെട്ടിരിക്കുകയായിരുന്നു.

യുഎസ് തീരുവ നയങ്ങളെത്തുടർന്നു പ്രതിസന്ധിയിലായ ഇന്ത്യയുടെ സമുദ്രോൽപന്ന കയറ്റുമതി മേഖലയ്ക്ക് ആശ്വാസം നൽകുന്നതാണ് ഓസ്ട്രേലിയയുടെ തീരുമാനം. ആന്ധ്രയുടെ ഐടി മന്ത്രി നാരാ ലോകേഷ് ഓസ്ട്രേലിയൻ അധികൃതരുമായി നടത്തിയ ചർച്ചയെത്തുടർന്നാണു തീരുമാനം.

## പാക്കിസ്ഥാനിൽ കിട്ടാക്കനിയായി തക്കാളിക്ക് പിന്നാലെ ഇഞ്ചിയും വെളുത്തുള്ളിയും

**പെഷവാർ:** അതിർത്തി സംഘർഷത്തെ തുടർന്ന് ചെക്പോസ്റ്റുകൾ അടച്ചിട്ടതോടെ പാക്കിസ്ഥാനിൽ കിട്ടാക്കനിയായി തക്കാളിക്ക് പിന്നാലെ ഇഞ്ചിയും വെളുത്തുള്ളിയും. ഇവയുടെ വിലയാകട്ടെ റോക്കറ്റുവേഗത്തിൽ കുതിച്ചുകയറുകയും ചെയ്തു. 2021ൽ താലിബാൻ അഫ്ഗാന്റെ ഭരണം പിടിച്ചെടുത്തതിന് ശേഷമുള്ള ഏറ്റവും രൂക്ഷമായ സംഘർഷത്തിലൂടെയാണ് അയൽ രാജ്യങ്ങളായ അഫ്ഗാനിസ്ഥാനും പാക്കിസ്ഥാനും കടന്നുപോകുന്നത്. ഇതോടെയാണ് ചെക്പോസ്റ്റുകൾ അടച്ചതും.

പാക്കിസ്ഥാനിലേക്ക് ഏറ്റവുമധികം തക്കാളി, ഇഞ്ചി, വെളുത്തുള്ളി, ആപ്പിൾ, മുന്തിരി, ഡ്രൈഫ്രൂട്സ് തുടങ്ങിയവ എത്തിയിരുന്നത് അഫ്ഗാനിൽ നിന്നായിരുന്നു. സംഘർഷത്തെ തുടർന്ന് ഉഭയകക്ഷി വ്യാപാരവും ചരക്കുനീക്കങ്ങളും പൂർണമായി നിലച്ചെന്ന് പാക്അഫ്ഗാൻ ചേംബർ ഓഫ് കൊമേഴ്സ് മേധാവി ഖാൻ ജാൻ അലോക്സായ് പറഞ്ഞു.

പാക്കിസ്ഥാൻ വീടുകളിലും റസ്റ്ററന്റുകളിലും ഒഴിച്ചുകൂടാനാവാത്ത തക്കാളിക്ക് വില ഇതോടെ 400 ശതമാനത്തിലധികമാണ് കത്തിക്കയറിയത്. കിലോയ്ക്ക് 600 പാക്ക് റുപ്പിക്ക് മുകളിലാണ് നിലവിൽ വില. ഏകദേശം 200 ഇന്ത്യൻ രൂപ. പാക്കിസ്ഥാനിലെ സാധാരണ വിലയേക്കാൾ 5 ഇരട്ടി അധികമാണിത്. ഒരു കിലോ ഇഞ്ചിക്ക് വില 750 പാക്കിസ്ഥാനി രൂപ (235 ഇന്ത്യൻ രൂപ) കടന്നു. വെളുത്തുള്ളിക്ക് 400 രൂപയും (125 ഇന്ത്യൻ രൂപ). ദിവസേന ശരാശരി 500 കണ്ടെയ്നറുകളെങ്കിലും അഫ്ഗാനിൽ നിന്ന് പച്ചക്കറിയുമായി പാക്കിസ്ഥാനിലെത്തിയിരുന്നത് പൂർണമായും നിലച്ചെന്ന് അലോക്സായ് പറഞ്ഞു.

അതിർത്തിക്ക് ഇരുവശത്തുമായി 5,000ലേറെ കണ്ടെയ്നറുകളാണ് കെട്ടിക്കിടക്കുന്നത്. ഖത്തറിൽ നടന്ന ചർച്ചയിൽ വെടിനിർത്തൽ ധാരണയിലേക്ക് പാക്കിസ്ഥാനും താലിബാനും കടന്നെങ്കിലും വ്യാപാരബന്ധം പുനഃസ്ഥാപിച്ചിട്ടില്ല. ഇറാനിൽ നിന്ന് തക്കാളി ഇറക്കുമതി ചെയ്യാൻ പാക്കിസ്ഥാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഡിമാൻഡിനൊത്ത ചരക്ക് അവിടെനിന്ന് ലഭിക്കില്ലെന്നാണ് വിലയിരുത്തൽ.



## ആന്ധ്രാ മുഖ്യമന്ത്രിയുടെ യുഎഇ സന്ദർശനം: നിക്ഷേപകരെ ആന്ധ്രയിലേക്ക് ക്ഷണിച്ച് നായിഡു

**അബുദാബി:** മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി യു.എ.ഇ യിലെത്തിയ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി യു.എ.ഇ.യിലെ വാണിജ്യ വ്യവസായ രംഗത്തുള്ള പ്രമുഖരുമായി കൂടിക്കാഴ്ച നടത്തി. കാർഷിക രംഗം, റീട്ടെയ്ൽ, ടെക്നോളജി അടക്കം വിവിധമേഖലകളിലായി മികച്ച നിക്ഷേപം സംസ്ഥാനത്തേക്ക് എത്തിക്കുന്നതിന്റെ ഭാഗമായാണ് സന്ദർശനം. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലിയുമായും ചന്ദ്രബാബു നായിഡു അബുദാബിയിൽ കൂടിക്കാഴ്ച നടത്തി. ലുലു ഗ്രൂപ്പിന്റെ വിശാപട്ടണത്തെ നിർദ്ദിഷ്ട ഷോപ്പിങ്ങ് മാളിന്റെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കും, 2028 ഡിസംബറോടെ നിർമ്മാണം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് യൂസഫലി പറഞ്ഞു. ആന്ധ്രയിലെ കർഷകർക്ക് അടക്കം പിന്തുണയേകുന്ന വിജയവാഡയിലെ ഭക്ഷ്യസംസ്കരണ കയറ്റുമതി കേന്ദ്രം മൂന്ന് മാസത്തിനകം പ്രവർത്തന സജ്ജമാകുമെന്നും യൂസഫലി ആന്ധ്ര മുഖ്യമന്ത്രിയെ അറിയിച്ചു. ലുലുവിന്റെ പദ്ധതികൾക്ക് പൂർണ പിന്തുണ നൽകുമെന്ന് മുഖ്യമന്ത്രി എൻ ചന്ദ്രബാബു നായിഡു ഉറപ്പ് നൽകി.

ആന്ധ്ര നിക്ഷേപ മന്ത്രി ബി.സി ജനാർദ്ധൻ റെഡ്ഡി, വ്യവസായ മന്ത്രി ടി.ജി ഭരത്, വ്യവസായ വകുപ്പ് സെക്രട്ടറി എൻ. യുവരാജ്, ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ അഷറഫ് അലി എം.എ, ലുലു ഇൻറർനാഷ്ണൽ ഹോൾഡിങ്ങ്സ് ഡയറക്ടർ ആനന്ദ് എ.വി എന്നിവരും കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

# പുതിയ സംരംഭകർക്കും സ്റ്റാർട്ടപ്പുകൾക്കും ടൈക്കോൺ 'പിച്ച് ബേ'

**കൊച്ചി:** പുതിയ സംരംഭകർക്കും പ്രാരംഭ ഘട്ടത്തിലുള്ള സ്റ്റാർട്ടപ്പുകൾക്കും ജൂറിക്ക് മുന്നിൽ അവരുടെ നൂതന ആശയങ്ങൾ അവതരിപ്പിക്കുന്നതിനും ഓൺദിസ്പോട്ട് ഫണ്ടിംഗ് അവസരങ്ങൾ നേടാനുമുള്ള തത്സമയ വേദിയായ പിച്ച് ബേ ഈ വർഷത്തെ ടൈക്കോൺ കേരളയുടെ പ്രധാന ആകർഷണമാവും. നിക്ഷേപകരും, വ്യവസായ പ്രമുഖരുമടങ്ങുന്ന സംഘമാണ് നവംബർ 21, 22 തിയ്യതികളിലായി നടക്കുന്ന സംരംഭക സമ്മേളനത്തിൽ പിച്ച് ബേ സെഷന് നേതൃത്വം നൽകുന്നത്.

ഐബിഎസ് ഗ്രൂപ്പ് സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ വി.കെ. മാത്യൂസ്, ഗ്രൂപ്പ് മീരാൻ ചെയർമാനും സിഇഒയുമായ നവാസ് എം. മീരാൻ, സിന്തൈറ്റ് ഇൻഡസ്ട്രീസ് മാനേജിംഗ് ഡയറക്ടർ അജു ജേക്കബ്, നെസ്റ്റ് ഡിജിറ്റൽ സിഇഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ നസ്നീൻ ജഹാംഗീർ, എംഎൻ ഹോൾഡിംഗ്സ് ചെയർമാൻ അജിത് മൂപ്പൻ, വെസ്റ്റേൺ ഇന്ത്യ കാഷ്യൂ കമ്പനി പ്രസിഡന്റ് ഹരി കൃഷ്ണൻ നായർ എന്നിവർ ഉൾപ്പെട്ടതാണ് ജൂറി.

പ്രാരംഭ ഘട്ട സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക പിന്തുണയും മെന്റർഷിപ്പും മാർഗ്ഗനിർദ്ദേശവും നൽകുന്നതിനായി നിക്ഷേപകരുമായി നേരിട്ട് ഇടപഴകുന്നതിന് വേദി നൽകുക എന്നതാണ് പിച്ച് ബേ ലക്ഷ്യമിടുന്നതെന്ന് ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ് പറഞ്ഞു. ടീം വൺ അഡ്വൈർടൈസിങ്ങ് എംഡി വിനോദിനി സുകുമാറും, മെഡിജെൻ ഫാർമ മാനേജിങ്ങ് ഡയറക്ടർ രാഹുൽ അബ്രഹാം മാമനും പിച്ച് ബേ സെഷന് നേതൃത്വം നൽകും. കേരളത്തിന്റെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനായി നിക്ഷേപകർ നൂതന ആശയങ്ങളെ പിന്തുണയ്ക്കുന്ന വേദിയാണിത്.

ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന അഞ്ച് സ്റ്റാർട്ടപ്പുകൾക്ക് മികച്ച നേട്ടം ഇതുവഴി ലഭിക്കും, ടൈ കേരള വൈസ് പ്രസിഡന്റും ടൈകോൺ കേരള 2025 ചെയർമാനുമായ ഡോ. ജീമോൻ കോര പറഞ്ഞു. സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് 2025 ഒക്ടോബർ 31നകം https://www.keralaangelnetwork.com/investors. എന്ന വെബ് ലിങ്കു വഴി അപേക്ഷിക്കാം. അല്ലെങ്കിൽ 9074238011 എന്ന നമ്പറിൽ ബന്ധപ്പെടാം. കുറഞ്ഞത് ഒരു ലക്ഷം രൂപ പ്രതിമാസ വരുമാനം രേഖപ്പെടുത്തുന്ന സംരംഭങ്ങൾക്കും അതിനൂതന പ്രോജക്ടുകൾക്കും മുൻഗണന നൽകും.



# ശബരിമല തീർഥാടനം; ഏറ്റുമാനൂരിൽ എല്ലാ സൗകര്യങ്ങളും ഉറപ്പാക്കും മന്ത്രി വി.എൻ. വാസവൻ

**കോട്ടയം:** ശബരിമല തീർഥാടന കാലം ആരംഭിക്കുന്നതിനു മുൻപ് ഏറ്റുമാനൂർ ഇടത്താവളത്തിൽ ഭക്തർക്കു വേണ്ട എല്ലാ സൗകര്യങ്ങളും ഉറപ്പാക്കുമെന്ന് ദേവസ്വം സഹകരണം തുറമുഖം വകുപ്പ് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. ഏറ്റുമാനൂരിലെ ഒരുക്കങ്ങൾ വിലയിരുത്താൻ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു വാസവൻ.

തീർത്ഥാടനം സുഗമമാക്കുന്നതിനായി എല്ലാ വകുപ്പുകളും യോജിച്ച് പ്രവർത്തിക്കണണം. കോട്ടയം മെഡിക്കൽ കോളജിൻറെ ഏറ്റുമാനൂർ എക്സ്റ്റൻഷൻ കൗണ്ടറിൽ സീസൺ ആരംഭിക്കുന്നതിനു മുൻപ് ഒരു ഡോക്ടറെക്കൂടി നിയമിക്കണം. കൗണ്ടർ വൈകിട്ടും തുറന്ന് പ്രവർത്തിക്കണം. തിരക്കനുസരിച്ച് ഏറ്റുമാനൂരിൽനിന്ന് പമ്പയിലേക്ക് കെ.എസ്.ആർ.ടി.സി കൂടുതൽ ബസ് സർവീസുകൾ നടത്തണംമന്ത്രി നിർദേശിച്ചു.

ക്ഷേത്രപരിസരത്തും ടൗണിലും കൂടുതൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനായി കരാർ ഒപ്പിട്ടിട്ടുണ്ട്. അടുത്തയാഴ്ച മുതൽ ഇവ പ്രവർത്തനക്ഷമമാകും. വടക്കേ ഗോപുര നടയിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ നടപടിയെടുക്കുക്കുമെന്നും മന്ത്രി അറിയിച്ചു.

കഴിഞ്ഞ വർഷം ശബരിമലയിൽ 55 ലക്ഷം പേർ തീർഥാടനത്തിനെത്തിയിട്ടും ഒരു പരാതി പോലും ഉയരാതിരുന്നത് എല്ലാവരും സഹകരിച്ചു പ്രവർത്തിച്ചതുകൊണ്ടാണെന്ന് യോഗത്തിൽ സംസാരിച്ച തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. പി.എസ്. പ്രശാന്ത് പറഞ്ഞു.

തീർഥാടന കാലത്ത് ഏറ്റുമാനൂർ ഇടത്താവളത്തിൽ ഒരുക്കുന്ന സൗകര്യങ്ങൾ വിവിധ വകുപ്പു മേധാവികൾ വിശദീകരിച്ചു.

ക്ഷേത്ര പരിസരത്ത് റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ കൺട്രോൾ റൂം പ്രവർത്തിക്കും. കഴിഞ്ഞ വർഷത്തേതുപോലെ ഇത്തവണയും 70 പോലീസുകാരെ ഏറ്റുമാനൂരിൽ ഡ്യൂട്ടിക്ക് നിയോഗിക്കും. പോലീസ് എയിഡ് പോസ്റ്റും ഉണ്ടാകും. എക്സൈസിന്റെ നേതൃത്വത്തിൽ ക്ഷേത്ര പരിസരത്തെ കടകളിൽ പ്രത്യേക പരിശോധന നടത്തും. എക്സൈസ് റേഞ്ച് ഓഫീസ് കേന്ദ്രീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ഉണ്ടാകും.

ആരോഗ്യ വകുപ്പിനു കീഴിൽ ഡോക്ടർ ഉൾപ്പെടുന്ന മെഡിക്കൽ യൂണിറ്റ് പ്രവർത്തിക്കും. 24 മണിക്കൂറും ആംബുലൻസ് സേവനവും ഉറപ്പുവരുത്തും. കെ.എസ്.ആർ.ടി.സി കോട്ടയത്തു നിന്നുള്ള പമ്പ സർവീസിനായി ആദ്യ ഘട്ടത്തിൽ 50 ബസുകളും പിന്നീട് 20 ബസുകളും അധികമായി അനുവദിച്ചിട്ടുണ്ട്. എല്ലാ ദിവസവും ദീപാരാധനയ്ക്കു ശേഷം ഏറ്റുമാനൂർ ക്ഷേത്ര പരിസരത്തുനിന്ന് പമ്പ സർവീസ് ഉണ്ടാകും.

24 മണിക്കൂറും പ്രവർത്തിക്കുന്ന അഗ്നിരക്ഷാ യൂണിറ്റ് ക്ഷേത്രപരിസരത്ത് ഉണ്ടാകും.

ഭക്ഷ്യ സുരക്ഷാ വകുപ്പ് ഭക്ഷണശാലകളിൽ നിരന്തരമായി പരിശോധന നടത്തും. വകുപ്പിന്റെ മൊബൈൽ ലാബും പ്രവർത്തിക്കും. പൊതു വിതരണ വകുപ്പ് ഇടത്താവളങ്ങളിൽ 10 രൂപയ്ക്ക് കുടിവെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നഗര ശുചീകരണത്തിന് നഗരസഭ കൂടതൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചു. തെരുവുവിളക്കുകൾ എല്ലാം കത്തുന്നുവെന്ന് ഉറപ്പാക്കും.

ഏറ്റുമാനൂർ ശ്രീ കൈലാസ് ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ ജില്ലാ കളക്ടർ ചേതൻ കുമാർ മീണ, ജില്ലാ പോലീസ് മേധാവി എ . ഷാഹുൽ ഹമീദ്, നഗരസഭാ അധ്യക്ഷ ലൗലി ജോർജ്, എ.ഡി.എം. എസ്. ശ്രീജിത്ത്, കോട്ടയം ആർ.ഡി.ഒ. ജിനു പുന്നൂസ്, കോട്ടയം തഹസീൽദാർ എസ്.എൻ. അനിൽകുമാർ, കാഞ്ഞിരപ്പള്ളി തഹസീൽദാർ എ. എം. ബിജിമോൾ, ഏറ്റുമാനൂർ നഗരസഭാ പ്രതിപക്ഷ നേതാവ് ഇ.എസ്. ബിജു, പാലാ ഡിവൈ.എസ്.പി. കെ. സദൻ, സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി. ടിപ്സൺ തോമസ്, ക്ഷേത്ര പദേശകസമിതി പ്രസിഡന്റ് പി. കെ. രാജൻ, സെക്രട്ടറി മഹേഷ് രാഘവൻ തുടങ്ങിയവർ പങ്കെടുത്തു.



# ചാവറ അന്തർ സർവകലാശാല പ്രസംഗം മത്സരം സംഘടിപ്പിച്ചു

**കൊച്ചി:** വാക്കുകളിലൂടെ ആശയങ്ങളുടെ ശില്പം ഉണ്ടാക്കുക എന്നതാണ് പ്രസംഗത്തിന്റെ പ്രാധാന്യമെന്ന് പ്രൊഫ. എം തോമസ് മാത്യു അഭിപ്രായപ്പെട്ടു. വിചാര ലോകത്തിന്റെ ആധിപത്യം പുതിയ തലമുറയിലൂടെ വരണമെന്ന് അദ്ദേഹം പറഞ്ഞു. നമ്മുടെ ഉള്ളിൽ ഉണ്ടാകുന്ന ആശയങ്ങൾ അതേ രൂപത്തിൽ അവതരിപ്പിക്കാൻ സാധിക്കണം. ചാവറ അച്ചൻ ഒരു പുരോഹിതൻ മാത്രമല്ല, ചരിത്ര പുരുഷൻ ആണ് അന്ധകാരംനിറഞ്ഞ സമൂഹത്തിൽ ജീവിച്ച് ഒരു തിരിയെങ്കിലും കൊളുത്തുവാൻ തന്റെ സ്നേഹത്തിന്റെ എണ്ണ നൽകിയ വ്യക്തിയാണ് ചാവറ പിതാവെന്നും അദ്ദേഹം തുടർന്ന് പറഞ്ഞു. ചാവറ കൾച്ചറൽ സെന്റർ സംഘടിപ്പിച്ച 35 ആമത് അന്തർ സർവകലാശാല ചാവറ പ്രസംഗമത്സരത്തിന്റെ സമാപന സമ്മേളനത്തിൽ മുഖ്യാതിഥിയായി സമ്മാനം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. ചാവറ കൾച്ചറൽ സെന്റർ ചെയർമാനും സി എം ഐ സഭ വിദ്യാഭ്യാസ, മാധ്യമ വിഭാഗം ജനറൽ കൗൺസിലറുമായ ഫാ. ഡോ. മാർട്ടിൻ മള്ളാത്ത് അധ്യക്ഷത വഹിച്ചു. നാടകകൃത്തും സംവിധായകനു മായ ടി.എം.എബ്രഹാം , ദീപിക കൊച്ചി ബ്യൂറോ ചീഫ് സിജോ പൈനാടത്ത് , ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം പ്രസിഡണ്ട് ശ്രീ പി പി പ്രകാശ്, ജോൺസൺ സി എബ്രഹാം, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി എം ഐ എന്നിവർ പ്രസംഗിച്ചു. കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ വിദ്യാർഥി ദിവ്യ ട്രീസ ഒന്നാം സമ്മാനമായ ഇരുപതിനായിരം രൂപയും ട്രോഫിയും, രണ്ടാം സമ്മാനമായി പതിനയ്യായിരം രൂപയും ട്രോഫിയും യുസി കോളേജ് ആലുവ വിദ്യാർത്ഥി ഷറഫുന്നിസ കരോളിയും മൂന്നാം സമ്മാനമായി യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം വിദ്യാർഥി സോജോ സി ജോസ് 10000 രൂപയും ട്രോഫിയും സമ്മാനമായി സ്വീകരിച്ചു. അൽഫോൻസാ കോളജിലെ ലീനു കെ ജോസ്, ജെ ഡി ടി കോഴിക്കോടിലെ ഫകിം ബിൻ മുഹമ്മദ്, കോഴിക്കോട് ഫാറൂഖ് കോളേജിലെ ഫാത്തിമ ഫിദ എസ്, ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിലെ ശിവപ്രിയ പി, എറണാകുളം ഗവൺമെന്റ് ലോ കോളജിലെ അബൂബക്കർ സിദ്ദിഖ്, തേവര എസ് എച്ചു കോളേജിലെ മുഹമ്മദ് സഫ്വാൻ എന്നിവർ മികച്ച പ്രാസംഗികരായും തിരഞ്ഞെടുക്കപ്പെട്ടു. കേരളത്തിലെ 56 കോളജുകളിൽ നിന്നായി നൂറൽപരം വിദ്യാർഥികൾ പങ്കെടുത്തു.



**ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പൂർവ്വ വിദ്യാർത്ഥി സമ്മേളനം (സ്മൃതി മധുരം) കാലടി മുഖ്യ കാമ്പസിലുള്ള ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്യുന്നു.**

# പൂർവ്വ വിദ്യാർത്ഥികൾ സർവകലാശാലയുടെ സമ്പത്തും അഭിമാനവും: പ്രൊഫ. കെ.കെ. ഗീതാകുമാരി

**കൊച്ചി:** പൂർവ്വ വിദ്യാർത്ഥികൾ സർവകലാശാലയുടെ സമ്പത്തും അഭിമാനവുമാണെന്ന് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി പറഞ്ഞു. സർവ്വകലാശാലയുടെ പൂർവ്വ വിദ്യാർത്ഥി സംഗമം (സ്മൃതി മധുരം) കാലടി മുഖ്യകാമ്പസിലുള്ള ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു വൈസ് ചാൻസലർ. സർവ്വകലാശാലകൾ അറിയപ്പെടുന്നത് പൂർവ്വ വിദ്യാർത്ഥികളിലൂടെയാണ്. അറിവ് സമ്പാദിക്കുവാനായി കാമ്പസിൽ ഒത്തുചേരുന്ന വിദ്യാർത്ഥികൾ പിന്നീട് അതിജീവനത്തിനായി സമൂഹത്തിലേയ്ക്ക് ഇറങ്ങുന്നു. അതിജീവനത്തിനായുള്ള പാഠങ്ങളും അനുഭവങ്ങളും പ്രദാനം ചെയ്യുന്ന കലാലയങ്ങൾ പൂർവ്വ വിദ്യാർത്ഥികൾക്ക് ഊർജ്ജസ്രോതസായി മാറുന്നു, പ്രൊഫ. കെ. കെ. ഗീതാകുമാരി പറഞ്ഞു.

പൂർവ്വ വിദ്യാർത്ഥിയും ജില്ല പഞ്ചായത്ത് പ്രസിഡന്റുമായ മനോജ് മൂത്തേടൻ, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ. എസ്. അരുൺകുമാർ, ഡോ. വി. ലിസി മാത്യു, ഡോ. എം. സത്യൻ, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, ഫിനാൻസ് ഓഫീസർ സിൽവി കൊടക്കാട്, സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർ ഡോ. ഷർമിള ആർ, ഡോ. സരിത ടി. പി., പൂർവ്വ വിദ്യാർത്ഥി സംഘടന വൈസ് പ്രസിഡന്റ് കെ. ജെ. എൽദോസ്, വിദ്യാർത്ഥി പ്രതിനിധികളായ ശ്യാംജിത്ത് കെ., അബിൻ കെ. ബി. എന്നിവർ പ്രസംഗിച്ചു. വിവിധ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച പൂർവ്വ വിദ്യാർത്ഥികളെ ആദരിച്ചു.

# കേരളത്തെ ഊർജ്ജ സ്വയം പര്യാപ്തതയും കാർബൺ ന്യൂട്രലുമായ ഹരിത സംസ്ഥാനമാക്കും: മന്ത്രി കെ. കൃഷ്ണൻകുട്ടി

**തൃശൂർ:** കേരളത്തെ ഊർജ സ്വയം പര്യാപ്തതയും കാർബൺ ന്യൂട്രലുമായ ഒരു ഹരിത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തിലേക്കാണ് ഓരോ ചുവടും വയ്ക്കുന്നതെന്നും കെ എസ് ഇ ബി തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുകയാണെന്നും മന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു. കേരളത്തിൽ ലോഡ് ഷെഡിങ്ങും പവർകട്ടും ഇല്ലാത്ത ഒരു കാലഘത്തിലൂടെയാണ് കടന്നു പോകുന്നതെന്ന് മന്ത്രി കൂട്ടിച്ചേർത്തു. ജലവൈദ്യുത മേഖലയിലും സൗരോർജ മേഖലയിലും നടപ്പാക്കിയ വിവിധ പദ്ധതികളെ കുറിച്ച് മന്ത്രി സംസാരിച്ചു. രാത്രി കാലത്തെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി നടപ്പിലാക്കിയ ബാറ്ററി എനർജി സോഴ്സ് സ്റ്റോറേജ് സംവിധാനം മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ എല്ലാ ആദിവാസി ഗോത്ര മേഖലകളിലും വൈദ്യുതി എത്തിക്കുക എന്ന ദൗത്യം ഈ വർഷം തന്നെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ചൂലിശ്ശേരിയിലെ പോൾ കാസ്റ്റിംഗ് യാർഡിനോട് ചേർന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഉടമസ്ഥതയിലുള്ള 120 സെന്റ് സ്ഥലത്താണ് 4.53 കോടി രൂപ ചെലവിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നത്. ചൂലിശ്ശേരി, മുണ്ടൂർ, അവണൂർ, മെഡിക്കൽ കോളേജ്, കുറ്റൂർ, കൊട്ടേക്കാട്, കുന്നത്തുപീടിക പ്രദേശങ്ങളിൽ നേരിടുന്ന വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഇതുവഴി സാധിക്കും. വിയ്യൂർ, മുണ്ടൂർ, കൊട്ടേക്കാട്, മെഡിക്കൽ കോളേജ് പ്രദേശങ്ങളിലേക്ക് നിലവിൽ വൈദ്യതി എത്തിക്കുന്നത് 110 കെ വി വിയ്യൂർ സബ്സ്റ്റേഷനിലെ കൊട്ടേക്കാട് ഫീഡറിൽ നിന്നാണ്. ഈ ഫീഡറിൽ നേരിട്ടിരുന്ന ഓവർലോഡും വോൾട്ടേജ് ക്ഷാമവും വേനൽകാലത്ത് ഏറെ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. ലൈനിൽ അറ്റകുറ്റപണികൾ നടത്തുമ്പോഴും മറ്റും ഈ പ്രദേശങ്ങളിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് ബുദ്ധിമുട്ട് നേരിടാറുമുണ്ട്. ദീർഘകാലമായുള്ള ഈ പ്രശ്നം ഉന്നയിച്ച് സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ നടത്തിയ ഇടപെടലുകളിലൂടെയാണ് 33 കെ വി സബ് സ്റ്റേഷൻ അനുവദിച്ചത്. ഈ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് വഴി ചൂലിശ്ശേരി പ്രദേശത്തെ മുഴുവൻ ഉപഭോക്താക്കൾക്കും, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിലെയും അവണൂർ, കോലഴി,കൈപ്പറമ്പ് പഞ്ചായത്തുകളിലെ അൻപതിനായിരത്തോളം വരുന്ന വാണിജ്യ, ഗാർഹിക, വ്യവസായിക ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ ഗുണനിലവാരമുള്ള വൈദ്യുതി ലഭിക്കും. 33 കെ വി പറപ്പൂർ ലൈനിൽ നിന്നും ഏകദേശം 2.2 കിലോമീറ്റർ 33 കെ വി ലൈൻ നിർമ്മിച്ചാണ് ചൂലിശ്ശേരി സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുക.ഭാവി ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിന് പര്യാപ്തമായ രീതിയിലാണ് 33 കെവി സബ് സ്റ്റേഷൻ ആധുനിക രീതിയിൽ രൂപകല്പന ചെയ്തിരിക്കുന്നത്.

ചൂലിശ്ശേരി പോൾ കാസ്റ്റിംഗ് യാർഡിന് സമീപം നടന്ന ചടങ്ങിൽ അവണൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് തങ്കമണി ശങ്കുണ്ണി, കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ കെ ഉഷാദേവി, അവണൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് മിനി ഹരിദാസ്, കോലഴി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം. ഡി വികാസ് രാജ്, ജില്ലാ പഞ്ചായത്തംഗം ലിനി ഷാജി,കെഎസ്ഇബി ലിമിറ്റഡ് ട്രാൻസ്മിഷൻ ആന്റ് സിസ്റ്റം ഓപ്പറേഷൻ ഡയറക്ടർ എസ് ശിവദാസ്, കെഎസ്ഇബി ചീഫ് എൻജിനീയർ കെ ശാന്തി,ഡെപ്യൂട്ടി ചീഫ് എൻജിനീയർ കെ എസ് കൃഷ്ണകുമാർ, അവണൂർ ഗ്രാമ പഞ്ചായത്ത്

സ്ഥിരം സമിതി അധ്യക്ഷരായ തോംസൺ തലക്കോടൻ,എൻ കെ രാധാകൃഷ്ണൻ,പുഴക്കൽ ബ്ലോക്ക് പഞ്ചായത്തംഗം ശ്രീലക്ഷ്മി സനീഷ്, ഗ്രാമ പഞ്ചായത്തംഗങ്ങളായ നിമ രാജീവ്, പി. എസ് കൃഷ്ണകുമാരി,സി. ബി സജീവൻ, ജിഷ സുഭീഷ്, വിവിധ സംഘടന പ്രതിനിധികളായ ടി. എൻ ഹരിദാസ്, കെ. കെ പ്രഭാകരൻ, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ കെ കൃഷ്ണകുമാർ, വി. കെ സനിൽ സി. ടി ജോഫി, എ. കെ അരുൺകുമാർ എന്നിവർ സംസാരിച്ചു.



# ക്ഷീര സംഗമം ഉദ്ഘാടനം ചെയ്തു

**കോട്ടയം:** എലിക്കുളം ഗ്രാമപഞ്ചായത്ത് ക്ഷീരകർഷകസംഗമം ഇളങ്ങുളം ശ്രീധർമ്മശാസ്താ ഓഡിറ്റോറിയത്തിൽ ക്ഷീരവികസനമൃഗ സംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജിമ്മി ജേക്കബ് അധ്യക്ഷത വഹിച്ചു. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ വിശിഷ്ടാതിഥിയായി. ജോസ് കെ.മാണി എം.പി മുഖ്യപ്രഭാഷണം നിർവഹിച്ചു.

പാമ്പാടി ബ്ലോക്കിലെ എട്ട് പഞ്ചായത്തുകളിലായുള്ള 28 ക്ഷീരസംഘങ്ങളുടേയും അതിരുകൾ ഡിജിറ്റലായി മാപ്പു ചെയ്യുകയും അത് പൊതുയിടത്തിൽ ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയായ 'ക്ഷീര സീമ' പദ്ധതിയുടെ പ്രവർത്തനോദ്ഘാടനവും ജില്ലയിൽ 2022 ഒക്ടോബർ മുതൽ 2024 ഡിസംബർ വരെ ആഫ്രിക്കൻ പന്നിപ്പനിമൂലം പന്നികളെ നഷ്ടപ്പെട്ട കർഷകർക്ക് സംസ്ഥാന സർക്കാർ അനുവദിച്ച നഷ്ടപരിഹാരത്തുകയുടെ വിതരണോദ്ഘാടനവും മന്ത്രി ചിഞ്ചുറാണി നിർവഹിച്ചു.

സംഗമത്തോടനുബന്ധിച്ച് ഡയറി എക്സിബിഷൻ, ഇൻസെന്റീവ് വിതരണം, ക്ഷീര കർഷകരെ ആദരിക്കൽ, കറവപ്പശു ധനസഹായ വിതരണം എന്നിവയും നടത്തി.

പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബെറ്റി റോയ്, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സൂര്യമോൾ, സ്ഥിരം സമിതി അധ്യക്ഷരായ എസ്. ഷാജി, അഖിൽ അപ്പുക്കുട്ടൻ, ഷേർലി അന്ത്യകുളം, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ സിനി ജോയ്, ദീപ ശ്രീജേഷ്, സെക്രട്ടറി മാർട്ടിൻ ജോർജ്, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. പി. കെ.മനോജ് കുമാർ, ജില്ലാ ഡയറി ഡെവലപ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ സി.ആർ. ശാരദ, വെറ്ററിനറി സർജൻ ഡോ. വി.രമ്യ, ക്ഷീരവികസന ഓഫീസർ എം.വി. കണ്ണൻ, എറണാകുളം സഹകരണ മേഖല ക്ഷീരോദ്പാദക യൂണിയൻ ഡയറക്ടർ ജോയ് വാക്കയിൽ എന്നിവർ പങ്കെടുത്തു.

# 'വൈഭവ്' ജില്ലാ നൈപുണ്യ വർഗ് സംഘടിപ്പിച്ചു




വിശ്വ ഹിന്ദു പരിഷത്ത് കൊച്ചി മഹാനഗരത്തിന്റെ നേതൃത്വത്തിൽ പാവക്കുളം വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന കാര്യാലയത്തിൽ നടന്ന 'വൈഭവ് ' ജില്ലാ നൈപുണ്യ വർഗിൽ വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന സംഘടനാ സെക്രട്ടറി കെ. ആർ കണ്ണൻ മുഖ്യപ്രഭാഷണം നടത്തുന്നു. വി. ശ്രീകുമാർ, എ. ശ്രീകുമാർ, പ്രസന്ന ബാഹുലേയൻ, അബിനു സുരേഷ് തുടങ്ങിയവർ സമീപം

**കൊച്ചി:** വിശ്വ ഹിന്ദു പരിഷത്ത് കൊച്ചി മഹാനഗരത്തിന്റെ നേതൃത്വത്തിൽ 'വൈഭവ്' ജില്ലാ നൈപുണ്യ വർഗ് സംഘടിപ്പിച്ചു.പാവക്കുളം വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന കാര്യാലയത്തിൽ നടന്ന ചടങ്ങ് അഖില ഭാരതീയ സീമാജാഗരൺ മഞ്ച് സംയോജക് എ. ഗോപാലകൃഷ്ണൻ ഉദ്ഘാടം ചെയ്തു. ജില്ലാ പ്രസിഡന്റ് എ. ശ്രീകുമാർ അധ്യക്ഷത വഹിച്ചു. വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന സംഘടനാ സെക്രട്ടറി കെ. ആർ കണ്ണൻ മുഖ്യപ്രഭാഷണം നടത്തി. അധ്യാത്മിക പ്രഭാഷകൻ ഒ. എസ് സതീഷ് , സംസ്ഥാന വൈസ് പ്രസിഡന്റ് പ്രസന്ന ബാഹുലേയൻ, സംസ്ഥാന ജോയിന്റ് സെക്രട്ടറി അബിനു സുരേഷ് , സംസ്ഥാന ട്രഷറർ വി. ശ്രീകുമാർ, സാമാജിക സമരസത സംസ്ഥാന സംയോജക് എം ടി മുരളീധരൻ തുടങ്ങിയവർ പങ്കെടുത്തു.

# ഇസിജി/ടി.എം.ടി ടെക്നിഷ്യൻ നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിൽ ട്രെയിനി ഇസിജി/ടി.എം.ടി ടെക്നിഷ്യനെ താൽക്കാലികമായി നിയമിക്കുന്നു. ടി.എം.ടി.യിലും ഹോൾട്ടറിലും പരിചയമുള്ള ഇസിജി ടെക്നീഷ്യൻ വി.എച്ച്. എസ്.ഇ കോഴ്സാണ് യോഗ്യത. ഫോൺ :04842754000

# ജൂനിയർ ഇൻസ്ട്രക്റ്റർ നിയമനം

**കൊച്ചി:** കളമശ്ശേരി ഗവ.ഐ ടി ഐ യിൽ മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്റ്ററുടെ (ഗസ്റ്റ് ഇൻസ്ട്രക്റ്റർ) ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓട്ടോമൊബൈൽ /മെക്കാനിക്കൽ അംഗീകൃത എഞ്ചിനീയറിംഗ് ഡിഗ്രിയും ഒരു വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ ഓട്ടോമൊബൈൽ /മെക്കാനിക്കൽ അംഗീകൃത മൂന്ന് വർഷ ഡിപ്ലോമയും, രണ്ട് വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ ട്രേഡിൽ എൻ ടി. സി/ എൻ. എ സി യും, മൂന്നു വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. താൽപര്യമുള്ള ഉദ്യോഗാർഥികൾ ഒക്ടോബർ 31 രാവിലെ 11 ന് അസൽ രേഖകൾ സഹിതം കളമശ്ശേരി ഐടിഐയിൽ ഹാജരാകേണ്ടതാണ്.

# ഒബ്സർവേഷൻ ഹോമിന് ഇൻവെർട്ടറുകൾ കൈമാറി

**കൊച്ചി:** എറണാകുളം ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ നേതൃത്വത്തിൽ എറണാകുളം ഗവൺമെന്റ് ഒബ്സർവേഷൻ ഹോമിന് ഇൻവെർട്ടറുകൾ കൈമാറി. ജുവനൈൽ ജസ്റ്റിസ് ബോർഡ് പ്രിൻസിപ്പൽ മജിസ്ട്രേറ്റ്ജി. പത്മകുമാറിന്റെ ഇടപെടലിൽ സ്പോൺസർ ചെയ്തു ലഭിച്ച ഫണ്ട് ഉപയോഗിച്ചാണ് സൗജന്യമായി രണ്ട് യൂണിറ്റ് ഇൻവെർട്ടർ നൽകിയത്. കമ്പനി പ്രതിനിധി ജി അജിത് ചടങ്ങിൽ സംബന്ധിച്ചു.

ജുവനൈൽ ജസ്റ്റിസ് ബോർഡ് പ്രിൻസിപ്പൽ മജിസ്ട്രേറ്റ് ജി. പത്മകുമാറിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ സബ് ജഡ്ജും, ജില്ലാ നിയമസേവനാ അതോറിറ്റി സെക്രട്ടറിയുമായ ആർ ആർ രജിത വിശിഷ്ടാതിഥിയായി പങ്കെടുത്തു. ബോർഡ് അംഗങ്ങളായ അഡ്വ. ഉല്ലാസ് മധു, ജിൻസിമോൾ കുര്യൻ, ഒബ്സെർവഷൻ ഹോം സൂപ്രണ്ട് സിനി പി എസ്, ജില്ലാ ശിശു സംരക്ഷണ ഓഫീസ് ലീഗൽ കം പ്രൊബേഷൻ ഓഫീസർ കിരൺ വി കുമാർ, കാവൽ ബ്ലൂ പോയിന്റ് ഓർഗ് സ്റ്റേറ്റ് കോർഡിനേറ്റർ റിൻസൺ, ജീവിത നൈപുണ്യ വികസന പരിശീലകയും ഫാമിലി കൗൺസിലറുമായ സീമ എന്നിവർ സംസാരിച്ചു.




# പ്രൈം വോളിബോൾ: ബംഗളൂരു ടോർപ്പിഡോസ് ചാമ്പ്യന്മാർ

**ഹൈദരാബാദ്:** ആർ.ആർ കാബെൽ പ്രൈം വോളിബോൾ ലീഗ് നാലാം സീസൺ കിരീടം ബംഗളൂരു ടോർപ്പിഡോസിന്. ലീഗ് ഘട്ടത്തിൽ ഒന്നാം സ്ഥാനക്കാരായി ഫിനിഷ് ചെയ്ത മുംബൈ മിറ്റിയോഴ്സിനെ നേരിട്ടുള്ള സെറ്റുകൾക്ക് തോൽപ്പിച്ചാണ് ബംഗളൂവിന്റെ കന്നിക്കിരീടം. സ്കോർ: 15–13, 164, 1513. ലീഗ്ഘട്ടത്തിൽ മുംബൈയോട് തോറ്റ് രണ്ടാം സ്ഥാനക്കാരാവേണ്ടി വന്ന ബെംഗളൂരിന് ഫൈനൽ വിജയം മധുരപ്രതികാരം കൂടിയായി. രണ്ടാം സെറ്റിൽ നാലു പോയിന്റുകൾ മാത്രമാണ് മുംബൈക്ക് നേടാനായത്. മൂന്നാം സെറ്റിൽ സ്കോർ 14–13 വരെയെത്തിച്ചെങ്കിലും ഡേവിഡ് ലീയുടെ സംഘത്തെ തടയാനായില്ല. 2023 ഫൈനലിൽ ബെംഗളൂരു അഹമ്മദാബാദ് ഡിഫൻഡേഴ്സിനോട് തോറ്റിരുന്നു. അന്നും ഡേവിഡ് ലീ തന്നെയായിരുന്നു ടോർപ്പിഡോസിന്റെ പരിശീലകൻ. ആദ്യ സെറ്റിൽ ഇരുടീമുകളും ജാഗ്രതയോടെ കളിച്ചു. പീറ്റർ ഓസ്റ്റ്വിക് ജോയൽ ബെഞ്ചമിനെ ബ്ലോക്ക് ചെയ്തപ്പോൾ, ശുഭം ചൗധരിയുടെ ഷോട്ട് ബ്ലോക്ക് ചെയ്തുകൊണ്ട് ജിഷ്ണു ബംഗളൂരുവിനായി ശക്തമായി തിരിച്ചടിച്ചു. സേതുവിന്റെ സെർവീസ് ബംഗളൂരുവിന് നേരിയ മുൻതൂക്കം നൽകി, ഇത് മിറ്റിയോഴ്സിനെ സൂപ്പർ പോയിന്റിന് വിളിക്കാൻ നിർബന്ധിതരാക്കി. മുംബൈ ശക്തമായി പൊരുതിയെങ്കിലും, ബെംഗളൂരു ക്യാപ്റ്റനും സെറ്ററുമായ മാറ്റ് വെസ്റ്റിന്റെ കൃത്യതയാർന്ന പന്തെത്തിക്കൽ ടോർപ്പിഡോസിനെ ആദ്യ സെറ്റ് നേടാൻ സഹായിച്ചു. ബംഗളൂരിന്റെ സർവാധിപത്യമായിരുന്നു രണ്ടാം സെറ്റിൽ. സേതുവിന്റെ സൂപ്പർ സെർവിലൂടെയാണ് ബെംഗളൂരു തുടങ്ങിയത്. മുംബൈയുടെ ഭാഗത്തുനിന്നുണ്ടായ തുടർച്ചയായ പിഴവുകൾ ബംഗളൂരുവിന്റെ സ്കോറിങ് വേഗത്തിലാക്കി. മുംബൈക്കായി ഓം ലാഡ് വസന്ത് അറ്റാക്കർമാർക്ക് കൃത്യമായി പന്തെത്തിച്ചു, എന്നാൽ ശുഭവും ക്യാപ്റ്റൻ അമിത് ഗുലിയയും പന്തുകൾ ദൂരത്തേക്ക് അടിച്ച് പാഴാക്കി. ജോയലിന്റെ സ്ഥിരതയാർന്ന ആക്രമണങ്ങൾ മുംബൈയെ കൂടുതൽ പ്രതിരോധത്തിലാക്കുകയും ചെയ്തു.

ജോയലിന്റെ സൂപ്പർ സെർവിലൂടെ ടോർപ്പിഡോസ് രണ്ട് സെറ്റിന്റെ ലീഡുറപ്പിച്ചു. മൂന്നാം സെറ്റിൽ, ജാലെൻ പെന്റ്രോസ് ശക്തമായ സ്പൈക്കുകൾ ഉതിർത്തതോടെ ടോർപ്പിഡോസ് മുന്നേറ്റം തുടർന്നു. ശുഭം കൗണ്ടർഅറ്റാക്കിന് നേതൃത്വം നൽകിയെങ്കിലും മുംബൈയ്ക്ക് കാര്യമായ സ്വാധീനം ചെലുത്താനായില്ല. സൂപ്പർപോയിന്റും മുംബൈയെ തുണച്ചില്ല, നിഖിലിന്റെ സർവീസ് പിഴവിലൂടെ ബംഗളൂരു ജയവും കിരീടവും ഉറപ്പിച്ചു.

# ആദിവാസികുടുംബങ്ങൾക്ക് സഹായഹസ്തവുമായി ഐ.സി.എൽ ഫിൻകോർപ്പ്



**തൃശൂർ:** ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് അധീനതയിലുള്ള ചാലക്കുടി ഉൾവനന്തരങ്ങളിൽ തവളക്കുഴിപ്പാറയിലെ ആദിവാസി ഉരുക്കളിൽ താമസിക്കുന്ന നിർധനരായ കുടുംബങ്ങളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്താനുള്ള പദ്ധതി ഏറ്റെടുത്ത് ഐ.സി.എൽ ഫിൻകോർപ്പ്. നിർധനരായ 44 കുടുംബങ്ങളുടെ വീടുകൾ അറ്റകുറ്റപ്പണികൾ നടത്തി അടിസ്ഥാന സൗകര്യവികസനം ലഭ്യമാക്കുന്നതിനൊപ്പം കുട്ടികളുടെ പ്ലസ്ടുവരെയുള്ള വിദ്യാഭാസം സൗജന്യമായി നൽകുന്നതിനുള്ള നടപടികളാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതെന്ന് ഐ.സി.എൽ ഫിൻകോർപ് ചെയർമാൻ അഡ്വ. കെ ജി അനിൽകുമാർ പറഞ്ഞു. നാലു ചുറ്റും കാടിനുള്ളിൽ ജീവിച്ചു ശീലിച്ച മലയവിഭാഗത്തിലുള്ളവരുടെ വീടുകളുടെ ശോചനീയാവസ്ഥ നേരിൽ കണ്ട ശേഷം സ്ഥലം എം.എൽ.എ സനീഷ്കുമാർ ഇക്കാര്യം ശ്രദ്ധയിൽപെടുത്തുകയും സഹായം നൽകണമെന്ന് ആവശ്യ പെടുകയും ചെയ്തിരുന്നു. ഈ ആദിവാസി സമൂഹത്തിന്റെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള തീവ്രശ്രമം തുടരുമെന്നും അഡ്വ കെ. ജി അനിൽകുമാർ അറിയിച്ചു.

# ഗസ്റ്റ് ഇൻസ്ട്രക്ടർ അഭിമുഖം

**തിരുവനന്തപുരം:** ആറ്റിങ്ങൽ ഗവ ഐ.ടി.ഐയിൽ മെക്കാനിക്ക് മെഷിൻ ടൂൾ മെയിന്റനൻസ് ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ധീവര വിഭാഗത്തിനായുള്ള ഒരു ഒഴിവിലേക്ക് ബന്ധപ്പെട്ട വിഷയങ്ങളിൽ എൻജിനീയറിംഗ് ഡിഗ്രി/ ഡിപ്ലോമ അല്ലെങ്കിൽ ടി ട്രേഡിലെ NTC യും ഒരു വർഷത്തെ പ്രവർത്തിപരിചയവും അല്ലെങ്കിൽ എൻ.എ.സി യും മൂന്നു വർഷത്തെ പ്രവൃത്തി പരിചയവുമുള്ളവരിൽ നിന്നും ഗസ്റ്റ് ഇൻസ്ട്രക്ടറെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള അഭിമുഖം ഒക്ടോബർ 29ന് നടത്തുന്നു. താൽപ്പര്യമുള്ള ഈ വിഭാഗത്തിലുള്ളവർ യോഗ്യത, ഐഡന്റിറ്റി തെളിയിയ്ക്കുന്ന അസ്സൽ രേഖകളുമായി അന്നേ ദിവസം രാവിലെ 10.15ന് ഐ.ടി.ഐ ഓഫീസിൽ ഹാജരാകണം.

# ഗുണമേന്മയുള്ള ജീവിതം, സമഗ്രപുരോഗതി; പട്ടിക വിഭാഗങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് വിഷൻ 2031 കരട് നയരേഖ

## മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനവും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ശക്തമാക്കും

**ബത്തേരി:** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് വിഷൻ 2031 നയരേഖ. സംസ്ഥാനത്തെ പട്ടികജാതി വർഗ്ഗ സമൂഹത്തിന് സ്ഥിരമായ ഉപജീവനം, ഗുണമേന്മയുള്ള ജീവിതം, സമഗ്ര സാമൂഹ്യ പുരോഗതി എന്നിവ കൈവരിക്കാൻ ലക്ഷ്യമിട്ട് തയ്യാറാക്കിയ കരട് നയരേഖ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ കേളു അവതരിപ്പിച്ചു.

അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം, ആരോഗ്യം, സാംസ്കാരികം, ഉപജീവനം തൊഴിലും നൈപുണി വികസനവും നിയമപരിരക്ഷ, ഭരണ നിർവഹണം തുടങ്ങി ആറ് മേഖലകൾ കേന്ദ്രികരിച്ചാണ് വികസന കാഴ്ചപ്പാട് അവതരിപ്പിച്ചത്. അടിസ്ഥാന ജനവിഭാഗത്തിന്റെ ഒന്നാംതലമുറ പ്രശ്നങ്ങൾ പൂർണമായി പരിഹരിച്ച് വികസനത്തിന്റെ ഒരു പതിയ ഘട്ടത്തിലേക്ക് എത്തിച്ചേരുകയാണ് ലക്ഷ്യം.

ഭൂമിയും വീടും ഉറപ്പുവരുത്തി മികച്ച പശ്ചാത്തല സൗകര്യങ്ങളോടെ 2031ഓടെ അടിസ്ഥാന സൗകര്യം വികസനം പൂർത്തിയാക്കുകയാണ് പ്രധാന ലക്ഷ്യം. വിവിധ കർമ പദ്ധതികളുടെ സംയോജനത്തിലൂടെ ഉന്നതികളുടെയും നഗറുകളുടെയും മുഖച്ഛായമാറ്റുന്നതിനായി പ്രത്യേക പദ്ധതികൾക്കൊപ്പം ഇന്റർനെറ്റ് കണക്ടിവിറ്റി ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യും. അതിദുർബല ജനവിഭാഗങ്ങൾക്കായി പ്രത്യേക പദ്ധതി തയ്യാറാക്കും. കുട്ടികളുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് പൂർണമായും ഇല്ലാതാക്കും. വിദ്യാഭ്യാസത്തിലൂടെ ലഭ്യമാവുന്ന സാമൂഹ്യ ഉന്നതിയെ കുറിച്ച് രക്ഷകർത്താക്കളെ ബോധവത്കരിക്കും. പരിഹാര ബോധന പ്രവർത്തനങ്ങൾ, വ്യക്തിത്വ വികസനം, കരിയർ സാധ്യതാ പരിശീലനം, ഫിനിഷിങ് സ്കൂളുകൾ, ഇൻസ്പയർ പ്രോഗ്രാമുകൾ, സാമൂഹ്യ പഠനമുറികൾ എന്നിവയുടെ മികച്ച സംവിധാനം വിദ്യാഭ്യാസ മേഖലയിൽ ലക്ഷ്യമിടുന്നു.

ആധുനികവും ഗുണമേന്മയോടു കൂടിയ ആരോഗ്യ പരിപാലനം ഉറപ്പുവരുത്തുകയാണ് കരട് നയരേഖയിലെ മറ്റൊരു പ്രധാന ലക്ഷ്യം. ഉന്നതികളിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കാനും വിവിധങ്ങളായ ആരോഗ്യ പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സകളും ആരോഗ്യ പരിപാലനവും ഉറപ്പുവരുത്താനും പദ്ധതിയുണ്ട്. ഒപ്പം അടിയന്തിര ചികിത്സയും വിദഗ്ധ ചികിത്സയും ആവശ്യമുള്ള സന്ദർഭങ്ങളിൽ താമസമില്ലാതെ ലഭ്യമാക്കുകയും ചെയ്യും.

മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനവും ലഹരി വിരുദ്ധ പ്രവർത്തനങ്ങളും ശക്തമാക്കും.

അടിസ്ഥാന ജനവിഭാഗങ്ങളുടെ പരമ്പരാഗത സംസ്കാരവും കലാവിഷ്കാരങ്ങളുംസാഹിത്യം ഭക്ഷ്യ സംസ്കാരം എന്നിവ സംരക്ഷിക്കാനും സൂക്ഷ്മ ഗവേഷണമടക്കമുള്ള സാധ്യതകളും കരട് രേഖയുടെ ഭാഗമാണ്. ഗോത്ര കലകളുടെയും അറിവുകളുടെയും പരിപോഷണത്തിനായുള്ള നിയമനിർമാണമുൾപ്പെടെ ഉൾപ്പെടുന്നു.

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിൽ ഏറ്റവും ശ്രദ്ധ കേന്ദ്രീകരിക്കേണ്ട മേഖലയായി കണ്ടെത്തിയിരിക്കുന്നത് ഉപജീവനവും തൊഴിലും നൈപുണി വികസനവുമാണ്. ഇതിനായി പ്രത്യേക നയം രൂപീകരണം വിഷൻ 2031 കരട് രേഖ മുന്നോട്ടുവെയ്ക്കുന്നു. സുസ്ഥിരമായ ഉപജീവനമാർഗങ്ങൾ കണ്ടെത്താൻ സംരഭകത്വ വികസനത്തിനുമുള്ള സമഗ്രപദ്ധതികളാണ് ഇതിലേക്ക് ആവശ്യം. വിവിധ വകുപ്പുകളുടെ പദ്ധതികൾക്ക് പുറമെ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ സഹകരണ സംഘം, കുടുംബശ്രീ എന്നിവയെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുകയും നൈപുണി വികസനത്തിനുള്ള പുത്തൻ സാധ്യതകൾ കണ്ടെത്തുകയാണ് നയത്തിന്റെ ഭാഗമായി.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് നിയമ സേവനങ്ങൾ ലഭ്യമാക്കാനും ഭരണ നിർവഹണം കാര്യക്ഷമമാക്കാൻ വിശദമായ പദ്ധതികൾ കരട് രേഖയിലുണ്ട്. കരട് വികസന നയരേഖ മുൻനിർത്തിയുള്ള ആറ് പാനൽ ചർച്ചകളാണ് വിഷൻ 2031 സെമിനാറിൽ നടന്നത്.

ചർച്ചകളുടെ വിശദാംശങ്ങൾ ക്രോഡീകരിച്ച് സെമിനാറിൽ അവതരിപ്പിച്ചു. വിശദമായ റിപ്പോർട്ടുകൾ സർക്കാറിന് കൈമാറും.




# സിയാലിൽ ഓപ്പറേഷൻസ് കേന്ദ്രം തുറന്ന് എമിറേറ്റ്സ് സ്കൈ കാർഗോ

**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എമിറേറ്റ്സ് സ്കൈ കാർഗോയുടെ ഓപ്പറേഷൻസ് കേന്ദ്രം തുറന്നു. സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ്, എമിറേറ്റ്സ് സ്കൈ കാർഗോ മാനേജർ അമീർ അൽ സറൂനി എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു.

എമിറേറ്റ്സ് സ്കൈ കാർഗോ ഓപ്പറേഷൻസ് ലീഡ് ഹസ്സൻ അബ്ദുള്ള, സിയാൽ കാർഗോ വിഭാഗം മേധാവി സതീഷ് കുമാർ പൈ, കൊമേർഷ്യൽ വിഭാഗം മേധാവി മനോജ് പി. ജോസഫ്, കസ്റ്റംസ് ഡെപ്യൂട്ടി കമ്മീഷണർ ഇ. വികാസ്, എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കൊച്ചിയിൽ നിന്നുള്ള അന്താരാഷ്ട്ര ചരക്കു നീക്കത്തിന് എമിറേറ്റ്സ് ഓഫീസ് പുത്തൻ ഉണർവാകും. മധ്യേഷ്യയിലേക്കും യൂറോപ്പിലേക്കുമുള്ള ചരക്ക് നീക്കം കൂടുതൽ ശക്തിപ്പെടുത്താൻ എമിറേറ്റ്സ് സ്കൈ കാർഗോയുടെ സാന്നിധ്യം സഹായിക്കും.

കൊച്ചിയെ ഒരു കാർഗോ ഹബ്ബായി വികസിപ്പിക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള സുപ്രധാന ചുവടുവെപ്പാണിത്. ഇതോടൊപ്പം അന്താരാഷ്ട്ര കൊറിയർ സർവീസുകൾ, കൂടുതൽ ഫ്രൈറ്റ് ഫോർവേഡേഴ്സ് എന്നിവർ പ്രവർത്തനം തുടങ്ങാനും പദ്ധതിയിടുന്നു. തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ നിന്നുമുള്ള വസ്ത്ര കയറ്റുമതിയുടെ ഒരു കേന്ദ്രമായി സിയാലിനെ മാറ്റുന്നത് സംബന്ധിച്ച് സിയാലും എമിറേറ്റ്സ് സ്കൈ കാർഗോയും ചർച്ച ചെയ്തു.

ചരക്ക് വ്യാപാര സൗകര്യങ്ങൾ വർധിപ്പിക്കുക, കാർഗോയുടെ അളവ് വർദ്ധിപ്പിക്കുക, മേഖലയിലെ സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ സഹകരണത്തിന്റെ ലക്ഷ്യം.



# കേരളത്തിലെ ഒമ്പത് സംയോജിത തീരദേശ ഗ്രാമങ്ങളെ വികസനത്തിന് തിരഞ്ഞെടുത്തു: കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ

**കൊച്ചി:** കേരളത്തിലെ ഒമ്പത് സംയോജിത തീരദേശ ഗ്രാമങ്ങളെ വികസനത്തിന് തിരഞ്ഞെടുത്തതായി കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ ക്ഷീര വികസന സഹമന്ത്രി ജോർജ് കുര്യൻ. എറണാകുളം ഞാറക്കലിൽ ഫിഷറീസ് പ്രചാരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഈ ഗ്രാമങ്ങളിൽ മത്സ്യ സംസ്കരണ കേന്ദ്രങ്ങൾ, കിയോസ്കുകൾ, കമ്യൂണിറ്റി സെന്ററുകൾ തുടങ്ങിയ സൗകര്യങ്ങൾ സ്ഥാപിച്ച് കാലാവസ്ഥാ പ്രതിരോധശേഷിയുള്ളതും സാങ്കേതികവിദ്യാധിഷ്ഠിതവുമായ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയാണാണ് ഉദ്ദേശം. ഈ പദ്ധതികൾക്ക് 2 കോടി രൂപയുടെ പൂർണ കേന്ദ്രധനസഹായം ലഭിക്കുമെന്നും, ഗുണഭോക്തൃ ഗ്രാമങ്ങളെ സംസ്ഥാന സർക്കാർ കണ്ടെത്തുമെന്നും മന്ത്രി പറഞ്ഞു. പ്രധാനമന്ത്രിയുടെ സബ്കാ സാഥ്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ്' എന്ന മന്ത്രത്തെക്കുറിച്ച് വിശദീകരിച്ച മന്ത്രി ദേശീയ മത്സ്യബന്ധന വികസന പദ്ധതിയിൽ (എൻഎഫ്ഡിപി) രജിസ്റ്റർ ചെയ്യേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും എടുത്തു പറഞ്ഞു. കിസാൻ ക്രെഡിറ്റ് കാർഡുകളും ട്രാൻസ്പോണ്ടറുകളും എൻഎഫ്ഡിപി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുന്നതിനോടൊപ്പം ക്ഷേമ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ദേശീയ മത്സ്യബന്ധന വികസന പദ്ധതിയിൽ രജിസ്റ്റർ ചെയ്യണമെന്നും കേന്ദ്രമന്ത്രി നിർദ്ദേശിച്ചു. ഇന്ത്യയെ ഏറ്റവും വലിയ ഉൽപ്പാദക രാജ്യമാക്കി മാറ്റുകയെന്ന എന്നാണ് വിവിധ സർക്കാർ പദ്ധതികളുടെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. പ്രചരണ പരി ആനുകൂല്യങ്ങൾ സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് നേരിട്ട് മന്ത്രിയുമായി ചർച്ച ചെയ്യാനുള്ള അവസരവും പ്രചരണ പരിപാടിയിൽ ഒരുക്കി.



# വാക്ക്എബൗട്ടിന് പിന്തുണയുമായി എച്ച്.ഡി.എഫ്.സി ബാങ്ക്

**ന്യൂഡൽഹി:** ഇന്ത്യയിലെ മുൻനിര സ്വകാര്യ മേഖലാ ബാങ്കായ എച്ച്.ഡി.എഫ്.സി. ബാങ്ക്, സജീവമായ പ്രായമായവർക്കുള്ള പ്രധാന കമ്മ്യൂണിറ്റി പ്ലാറ്റ്ഫോമായ വാക്ക്എബൗട്ട്ന് സീഡ് ഫണ്ടിംഗ് പ്രദാനം ചെയ്യുമെന്ന് പ്രഖ്യാപിച്ചു. ഈ നിക്ഷേപം വാക്ക്എബൗട്ടിൻറെ കമ്മ്യൂണിറ്റി പ്ലാറ്റ്ഫോം മെച്ചപ്പെടുത്താനും സജീവമായ പ്രായമായവർക്കായുള്ള അതിന്റെ മേൽനോട്ടം വഹിക്കപ്പെടുന്ന അനുഭവങ്ങൾ വർദ്ധിപ്പിക്കാനും സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് കമ്പനി അധികൃതർ പറഞ്ഞു.



# വിഗ് നിർമാണ പരിശീലനത്തിനു തുടക്കമായി

**കൊച്ചി:** എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയ, കാൻസർ രോഗ ചികിത്സ മൂലം തലമുടി നഷ്ടപ്പെട്ടവർക്കു നൽകുന്നതിനയി സെല്ലീസ് ഇന്ത്യയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന, വിഗ്ഗ് നിർമ്മാണ പരിശീലന പരിപാടിക്കു തുടക്കമായി. പൊന്നുരുന്നി കാർഡിനൽ പാറേക്കാട്ടിൽ ഹാളിൽ സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവള്ളിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെല്ലിസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ ജോർജ് കുര്യൻ പരിശീലനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. സഹൃദയ അസോസിയേറ്റ് ഡയറക്ടർ ഫാ. ആൻറണി പുതിയാപറമ്പിൽ, സെല്ലീസ് ഇന്ത്യ ഡെപ്യൂട്ടി ഡയറക്ടർ ബെന്നിച്ചൻ കെ. തോമസ്, സെല്ലീസ് ഇന്ത്യ ഡെപ്യൂട്ടി മാനേജർ അരുൺ തോമസ്, സഹൃദയ അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിബിൻ മനയമ്പിള്ളി, പ്രോജക്ട് മാനേജർ കെ. ഒ മാത്യൂസ്, ബേസിൽ പോൾ, സെലിൻ പോൾ എന്നിവർ സംസാരിച്ചു. മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹെയർ ക്രിയേഷൻസ് ഏജൻസിയാണ് 6 ദിവസം നീളുന്ന വിഗ് നിർമാണ പരിശീലനത്തിന് നേതൃത്വം നൽകുന്നത്.

# ഐപിസി വാർഷിക സമ്മേളനവും സുഗന്ധവ്യഞ്ജന പ്രദർശനവും

**കൊച്ചി:** ഇന്ത്യ, ഇന്തോനേഷ്യ, മലേഷ്യ, ശ്രീലങ്ക, വിയറ്റ്നാം എന്നീ സ്ഥിരാംഗങ്ങളും പാപ്പുവ ന്യൂഗിനിയ, ഫിലിപ്പീൻസ് എന്നീ അസ്സോസിയേറ്റ് രാജ്യങ്ങളും ഉൾപ്പെടുന്ന രാജ്യാന്തര കുരുമുളക് സമൂഹത്തിന്റെ (ഐപിസി) 53ാമത് വാർഷിക സമ്മേളനം ഇന്നും നാളെയും കൊച്ചി ലെ മെറിഡിയനിൽ നടക്കും. സ്പൈസസ് ബോർഡ് ചെയർപേഴ്സൺ അഡ്വ. സംഗീത വിശ്വനാഥൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. നവീകരണം, തുല്യത, പ്രാദേശിക പ്രതിരോധശേഷി എന്നിവ ഉറപ്പുവരുത്തി കുരുമുളക് വ്യവസായത്തെ ശക്തിപ്പെടുത്തുകയാണ് ഇത്തവണത്തെ സമ്മേളനത്തിന്റെ വിഷയം. ആധുനിക കാലഘട്ടത്തിനനുസരിച്ച് ആഗോള സുഗന്ധവ്യഞ്ജന വ്യാപാര മാർഗങ്ങൾ പുനക്രമീകരിക്കാനും പ്രാദേശിക സഹകരണം, നവീന സമ്പ്രദായങ്ങൾ, തുല്യമായ പങ്കാളിത്തം എന്നിവ ഉറപ്പാക്കാനും സമ്മേളനത്തിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ, കുരുമുളക് ഉൾപ്പടെയുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കും. രണ്ടു ദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിൽ വിവിധ ടെക്നിക്കൽ സെഷനുകൾ, പ്രദർശനങ്ങൾ, സംവാദ സദസുകൾ എന്നിവ സംഘടിപ്പിക്കും. വാർഷിക യോഗത്തിന്റെ ഉദ്ഘാടനത്തിനു പുറമെ ഐപിസി ബെസ്റ്റ് അവാർഡ് 2024 പുരസ്കാര ജേതാവിനെ പ്രഖ്യാപിക്കും. കേന്ദ്ര വാണിജ്യമന്ത്രാലയവും ഇന്റർനാഷണൽ പെപ്പർ കമ്യൂണിറ്റിയും സ്പൈസസ് ബോർഡും ചേർന്നാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. ഐപിസിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ മറീന എൻ അംഗ്രയ്നി, സ്പൈസസ് ബോർഡ് സെക്രട്ടറി പി. ഹേമലത എന്നിവർക്കു പുറമെ, പ്രധാന കുരുമുളക് ഉൽപാദന രാജ്യങ്ങളിലെ പ്രതിനിധികൾ, സുഗന്ധവ്യഞ്ജന കയറ്റുമതിക്കാർ, സംസ്കരണ വിദഗ്ധർ, ഗവേഷണ സ്ഥാപനങ്ങൾ, വ്യാപാര സംഘടനകൾ എന്നിവരും സമ്മേളനത്തിൽ പങ്കെടുക്കും.




# അമേരിക്കൻ കമ്പനികൾ ഇന്ത്യയിലേക്ക് വരാൻ കാത്തിരിക്കുന്നു : ഗൗരംഗ് എച്ച്. ഷാ

**കൊച്ചി:** വാൾ സ്ട്രീറ്റ് എന്നത് ചരിത്രവും ദലാൽ സ്ട്രീറ്റ് ഭാവിയുമാണെന്ന് ജിയോജിത് ഇൻവെസ്റ്റ്മെന്റ്സ് ലിമിറ്റഡ് സീനിയർ വൈസ് പ്രസിഡന്റ് ഗൗരംഗ് എച്ച്. ഷാ പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷന്റെ ഇൻസൈറ്റ് എക്സിൽ 'വാൾ സ്ട്രീറ്റിൽ നിന്ന് ദലാൽ സ്ട്രീറ്റിലേക്ക്: അസ്ഥിരമായ യു എസ് നയചക്രത്തിൽ ഉയർന്നുവരുന്ന വിപണി അവസരങ്ങൾ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ കമ്പോളം അടുത്ത ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണെന്നും നോട്ട് നിരോധനവും കോവിഡും ഉൾപ്പെടെയുള്ളവ ഇന്ത്യൻ സാമ്പത്തിക രംഗത്തിന് പ്രതിസന്ധികളുണ്ടാക്കിയിട്ടുണ്ടെങ്കിലും പിന്നീട് കുതിക്കാനുള്ള വഴിയൊരുക്കിയെന്നും അദ്ദേഹം പറഞ്ഞു. ട്രംപിന്റെ പുതിയ തീരുവ നയങ്ങൾ ഇന്ത്യക്കു മുമ്പിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടെങ്കിലും വളരെ പക്വതയോടെയാണ് രാജ്യത്തിന്റെ പ്രതികരണമുണ്ടായത്. ഇന്ത്യയേയും ചൈനയേയും തകർന്ന സമ്പദ് വ്യവസ്ഥ എന്നാണ് ട്രംപ് ആക്ഷേപിച്ചതെങ്കിലും നിരവധി അമേരിക്കൻ കമ്പനികൾ ഇന്ത്യയിലേക്ക് വരാൻ കാത്തിരിക്കുകയാണ്. പല രാജ്യങ്ങൾക്കെതിരെയും ട്രംപ് തീരുവ ചുമത്തിയെങ്കിലും ആത്യന്തികമായി അത് യു എസ് സാമ്പത്തിക വ്യവസ്ഥയെയാണ് ബാധിക്കുകയെന്നും ഗൗരംഗ് എച്ച്.ഷാ പറഞ്ഞു. അമേരിക്കയുടെ സാമ്പത്തിക സാമൂഹിക രാഷ്ട്രീയ മേഖലകളെ തീരുവ നയം സ്വാധീനിക്കും. യുഎസ് ഡോളറിന് ബദലായി ഉപയോഗിക്കാൻ ലോകം കറൻസി അന്വേഷിക്കുന്നുണ്ട്. ബ്രിക്സ് രാജ്യങ്ങൾ ഇതിനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. അമേരിക്കൻ ഡോളറിനെയാണ് ബ്രിക്സിന്റെ ലോക കറൻസി ചിന്ത ബാധിക്കുകയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സാമ്പത്തിക രംഗം ഉയരാൻ ഇന്ത്യയിൽ നിരവധി നിക്ഷേപ സാധ്യതകൾ നിലനിൽക്കുന്നുണ്ടെന്നും ഗൗരംഗ് എച്ച്. ഷാ പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ വൈസ് പ്രസിഡന്റും പ്രോഗ്രാം കമ്മിറ്റി ചെയറുമായ ദിലീപ് നാരായാണൻ, ട്രഷറർ ഡോ. അനിൽ ജോസഫ് പ്രസംഗിച്ചു.

# ബജാജ് ലൈഫ് ഇൻഷൂറൻസ് പുതുക്കിയ ആപ്പ് പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ മുൻനിര സ്വകാര്യ ലൈഫ് ഇൻഷൂറൻസ് സ്ഥാപനങ്ങളിൽ ഒന്നായ ബജാജ് ലൈഫ് പുതുക്കിയ, ഉപഭോക്തൃ അനുഭവങ്ങൾ മെച്ചപ്പെടുത്തുന്ന ബജാജ് ലൈഫ് ഇൻഷൂറൻസ് ആപ്പ് പുറത്തിറക്കി.

BAJAJ LIFE
LIFE GOALS. DONE.

സുരക്ഷിതമായ ഒരൊറ്റ സംവിധാനത്തിലൂടെ പോളിസി കൈകാര്യം ചെയ്യുന്നത് ലളിതമാക്കുന്നതും വ്യക്തിഗത ഉൽപന്ന അവതരണങ്ങൾ സാധ്യമാക്കുന്നതും മുൻകൂർ അനുമതിയുള്ള ഇൻഷൂറൻസ് പദ്ധതികൾ ലഭ്യമാക്കുന്നതും സുരക്ഷിതമായ ഹെൽത്ത് ട്രാക്കിങ് സാധ്യമാക്കുന്നതുമാണ് ഈ ആപ്പ്.

ഉപഭോക്താക്കൾ ആദ്യം എന്ന രീതിയിലെ ഡിജിറ്റൽ അനുഭവങ്ങൾ പ്രദാനം ചെയ്യാനായുള്ള ബജാജ് ലൈഫിന്റെ പ്രതിബദ്ധത കൂടിയാണ് ആൻഡ്രോയ്ഡ്, ഐഒഎസ് ഡിവൈസുകളിൽ ലഭ്യമായ ഈ ആപ്പ് വഴി പ്രതിഫലിക്കപ്പെടുന്നത്.

ഡിജിറ്റൽ ശാക്തീകരണത്തിൽ ശക്തമായ ശ്രദ്ധ പതിപ്പിക്കുന്ന ഈ പുതുക്കിയ ആപ്പിൽ പോളിസി സേവനങ്ങൾ, ഫണ്ട് മാനേജ്മെന്റ്, വെൽനെസ് ട്രാക്കിങ്, മറ്റ് സേവനങ്ങൾ എന്നിവയെല്ലാം ഒരിടത്തു ലഭ്യമാക്കുന്നതു വഴി ഉപഭോക്താക്കൾക്ക് കൂടുതൽ നിയന്ത്രണവും വ്യക്തതയും നൽകുന്നു.

പോളിസി ഉടമകൾക്ക് ഏതാനും ടാപുകളിലൂടെ വിപുലമായ സേവനങ്ങൾ നേടാനാണ് ഇതിലൂടെ അവസരം ലഭിക്കുന്നത്. കൺസോളിഡേറ്റഡ് പോളിസി സ്റ്റേറ്റ്മെന്റ്, വ്യക്തിഗത ഇൻഷൂറൻസ് പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ, തൽക്ഷണ ട്രാക്കിങ് സേവന അഭ്യർത്ഥനകൾ തുടങ്ങിയ നിരവധി സേവനങ്ങൾ ഇതിലൂടെ ലഭിക്കും.



# ഓൾഡ് ദുബായ്ക്ക് ബെസ്റ്റ് ഇൻ ട്രാവൽ 2026 അംഗീകാരം

**ദുബായ്;** ആഗോളതലത്തിലെ പ്രമുഖ ട്രാവൽ ഗൈഡായ ലോൺലി പ്ലാനറ്റിന്റെ 2026 ലെ 'ബെസ്റ്റ് ഇൻ ട്രാവൽ'പട്ടികയിൽ ഓൾഡ് ദുബായിക്ക് അംഗീകാരം. ഓൾഡ് ദുബായിൽ ലഭിക്കുന്ന ആഗോളതലത്തിലുള്ള രുചിവൈവിധ്യങ്ങളാണ് അവാർഡിന് അർഹമാക്കിയത്. ദുബായിലെ പഴയ ജില്ലകളിലെ, പ്രത്യേകിച്ച് ബർ ദുബായ്, ദേര എന്നിവിടങ്ങളിലെ വിഭവങ്ങളെ ലോൺലി പ്ലാനറ്റിന്റെ 2026 ലെ ബെസ്റ്റ് ഇൻ ട്രാവൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബർ ദുബായിലെ അൽ ഖൈമ ഹെറിറ്റേജ് റെസ്റ്റോറന്റ്, അൽ ഉസ്താദ് സ്പെഷ്യൽ കബാബ്,അറേബ്യൻ ടീ ഹൗസ്, ദുബായ് ക്രീക്കിലെ ബെയ്ത് അൽ വക്കീൽ, ഭാവ്ന വെജിറ്റേറിയൻ ഡീലക്സ് റെസ്റ്റോറന്റ്, കറാച്ചി ദർബാർ, ലോക്കൽ ഹൗസ് റെസ്റ്റോറന്റ്, മസ്മി കോഫി ആന്റ് മോർ, നിഹാൽ റെസ്റ്റോറന്റ്, സംഗീത വെജിറ്റേറിയൻ റെസ്റ്റോറന്റ്, ശ്രീരാജ് ലസ്സി തുടങ്ങിയവയും ദേരയിലെ അൽ ബൈത്ത് അൽ ഖദീം, അൽകർമൽ സൊമാലി റെസ്റ്റോറന്റ്, അരൂസ് ഡമാസ്കസ് റെസ്റ്റോറന്റ്, ബൈത് അൽ മണ്ടി, ഡൽഹി റെസ്റ്റോറന്റ്, ഫലാഫൽ അല കൈഫാക്ക്, ജാഫർ ബിമാൻ അലി കഫറ്റീരിയ, കബാബ് എർബിൽ ഇറാഖി റെസ്റ്റോറന്റ്, സദാഫ് റെസ്റ്റോറന്റ് തുടങ്ങിയവയുമാണ് ഓൾഡ് ദുബായിൽ ആഗോളതലത്തിലുള്ള രുചികൾ വിളമ്പുന്ന ഭക്ഷണശാലകൾ. ലോകത്തിലെ ഏറ്റവും വിശ്വസനീയമായ ട്രാവൽ ഗൈഡുകളിൽ ഒന്നായ ലോൺലി പ്ലാനറ്റിന്റെ അംഗീകാരം സന്ദർശിക്കാനും താമസിക്കാനും ജോലി ചെയ്യാനും പര്യാപ്തമായ ലോകത്തിലെ ഏറ്റവും മികച്ച നഗരമാക്കി ദുബായെ മാറ്റുക എന്ന ലക്ഷ്യത്തിന് കൂടുതൽ കരുത്ത് പകരുന്നതായി ദുബായ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമി ആൻഡ് ടൂറിസത്തിന്റെ (ഡിഇടി) ഭാഗമായ ദുബായ് കോർപ്പറേഷൻ ഫോർ ടൂറിസം ആൻഡ് കൊമേഴ്സ് മാർക്കറ്റിംഗിന്റെ (വിസിറ്റ് ദുബായ്) സിഇഒ ഇസ്സാം കാസിം പറഞ്ഞ. ദുബായിയുടെ വൈവിധ്യമാർന്ന പാചക അനുഭവങ്ങൾക്കൊപ്പം വ്യവസായ മേഖലയുടെ പ്രതിബദ്ധതയും ബഹുമതി പ്രത്യേകം എടുത്തുകാണിക്കുന്നതായും അദ്ദേഹം പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com